# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *17 | 28/01/2019-ൽ മറുപടിക്ക്

## പകർച്ച വ്യാധികൾ തടയുന്നതിന് നടപടികൾ

**ചോദ്യം**

**ശ്രീ.പാറയ്ക്കൽ അബ്ദുല്ല**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) പ്രളയാനന്തരം പടർന്നുപിടിച്ച എലിപ്പനി മൂലം 200 ഓളം പേർ മരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ;

എ) പ്രളയാനന്തരം പ്രളയ ബാധിത പ്രദേശങ്ങളിൽ എലിപ്പനി പടർന്നു പിടിക്കുവാനുള്ള അനുകൂല സാഹചര്യം വളരെയധികമായിരുന്നു. എന്നിരുന്നാലും ആരോഗ്യ വകുപ്പിന്റെ സമയോചിതമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എലിപ്പനി പടർന്നു പിടിക്കുന്നതിന് വളരെയധികം തടയിടാൻ സാധിച്ചു. എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രതിരോധ മരുന്നായി വിപുലമായി വിതരണം ചെയ്തുവെങ്കിലും ആരോഗ്യവകുപ്പ് നിർദേശിച്ച പ്രകാരം നിശ്ചിത കാലയളവ് തുടർച്ചയായി ടി മരുന്ന് ഉപയോഗിക്കുന്നതിൽ പൊതുജനം ആദ്യഘട്ടത്തിൽ കാണിച്ച വിമുഖത ഈ പ്രതിരോധ പ്രവർത്തനത്തെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിന് തടസമായിട്ടുണ്ട്. എന്നിരുന്നാലും പ്രളയാനന്തരം പടർന്നുപിടിച്ച എലിപ്പനി മൂലം 2018 ആഗസ്റ്റ് 15 മുതൽ 2019 ജനുവരി 20 വരെ എലിപ്പനി സ്ഥിരീകരിച്ച് മരണപ്പെട്ടവരുടെ എണ്ണം 60 ആണ്.

ബി) എച്ച്.1എൻ.1 പനി ബാധിച്ച് കഴിഞ്ഞ നവംബറിൽ മാത്രം 24 പേർ മരിച്ചെന്ന് ആരോഗ്യവകുപ്പ് കണ്ടെത്തുകയുണ്ടായോ;

ബി) എച്ച്1 എൻ1 പനി ബാധിച്ച് കഴിഞ്ഞ നവംബറിൽ 21 പേർ മരിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

സി) വിവിധതരം പനി ബാധിച്ച് എത്രപേർ ഇപ്പോൾ സംസ്ഥാനത്ത് വിവിധ ആശുപത്രികളിലുണ്ടെന്ന വിവരം ലഭ്യമാണോ;

സി) 2019 ജനുവരി 1 മുതൽ 20 വരെ വിവിധതരം പനി ബാധിച്ച് 1,29,745 പേർ സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പനി അടക്കമുള്ള പകർച്ച വ്യാധികൾ തടയുന്നതിന് ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | ഡി) | പനി അടക്കമുള്ള പകർച്ച വ്യാധികൾ തടയുന്നതിന് ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു-വരുന്നു.<br>ആരോഗ്യ ജാഗ്രത എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായുള്ള വാർഷിക പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. ഇതര വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനതലം, ജില്ലാതലം, നഗരസഭാ തലം, പഞ്ചായത്ത് തലങ്ങളിൽ ഏകോപന യോഗങ്ങൾ, തദ്ദേശസ്ഥാപനം, പ്രാഥമികാരോഗ്യതലങ്ങളിൽ ആലോചനാ-യോഗങ്ങൾ, വാർഡ് തല ആരോഗ്യ ശുചിത്വ സമിതി ശാക്തീകരിച്ച് വാർഡ് തലത്തിൽ പ്രവർത്തിക്കുവാൻ ആരോഗ്യ സ്ക്വാഡുകളുടെ രൂപീകരണം, ഫണ്ട് ലഭ്യമാക്കൽ, വാർഡ്തല ആരോഗ്യബോധവൽക്കരണം, ശുചീകരണം, കുടിവെള്ള ശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ, കൊതുക് നശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിശ്ചിത ദിവസങ്ങളിൽ ബോധവത്കരണത്തിനും പ്രതിരോധത്തിനുമുള്ള യജ്ഞങ്ങൾ, ആരോഗ്യസന്ദേശ യാത്ര, വിവിധ ദേശീയ ആരോഗ്യ ദിനാചരണങ്ങൾ, പൊതു-ജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ കണ്ടുപിടിച്ച് പൊതുജനാരോഗ്യ നിയമ നടപടികൾ സ്വീകരിക്കുക എന്നിവ നടത്തിവരുന്നു.കൂടാതെ ഹെൽത്തി കേരള ക്യാമ്പയിന്റെ ഭാഗമായി പ്രതിദിന/ പ്രതിവാര/ പ്രതിമാസ രോഗ നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവയും എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ, രോഗത്തിന്റെ അപകട സൂചന കണ്ടുപിടിച്ച് മുൻകൂട്ടി നിയന്ത്രിക്കൽ, അംഗീകൃത ചികിത്സാ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ചികിത്സ ലഭ്യമാക്കൽ, ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രോഗം പൊട്ടിപ്പുറപ്പെടുമ്പോൾ ദ്രുതകർമ്മസേന ഇടപെട്ട് രോഗനിയന്ത്രണം ഊർജ്ജിതമാക്കൽ, ജലജന്യരോഗങ്ങൾ, കൊതുക് ജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങൾ തുടങ്ങിയവയുടെ നിയന്ത്രണ പ്രവർത്തനങ്ങൾ, അതിഥി സംസ്ഥാന |

തൊഴിലാളികൾക്കും, തീരപ്രദേശത്തും, ചേരികളിലും, പട്ടികവർഗ്ഗ മേഖലകളിലും പ്രത്യേക രോഗ പരിരക്ഷ, സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവയും വഴി വിവിധ പകർച്ചവ്യാധികളെ ഒരു പരിധി വരെ നിയന്ത്രിച്ചു നിർത്തുവാൻ ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ പകർച്ചവ്യാധി പ്രതിരോധ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് 5.12.2018-ൽ ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതു കൂടാതെ പകർച്ച-വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24/01/2019 ന് വിവിധ മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും ഉന്നതതലയോഗം ചേർന്ന് വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**